# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1746** **11.02.2013 ൽ മറുപടിയ്ക്ക്**

## വാമനപുരത്തെ സോയിൽ കൺസർവേഷൻ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാമനപുരം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് വഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഏതെല്ലാം ; ഇവയ്ക്ക് ചെലവഴിച്ച തുക എത്രയാണെന്നുമുള്ള കണക്ക് ഇനം തിരിച്ച് വിശദമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ രണ്ടു പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br>1. വാമനപുരം പഞ്ചായത്തിലെ 7,8,9 എന്നീ വാർഡുകൾ ഉൾപ്പെടുത്തി നബാർഡ് സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന ആർ.ഐ.ഡി.എഫ് -ന്റെ 12-ാം ഘട്ടത്തിൽ അംഗീകാരം ലഭിച്ച 'ളുങ്ങയിൽ' വാട്ടർഷെഡ് പദ്ധതി.<br>2. നന്ദിയോട് പഞ്ചായത്തിലെ 2,8,15,16 വാർഡുകൾ ഉൾപ്പെടുന്ന ആർ.ഐ.ഡി.എഫ് -ന്റെ 17-ാം ഘട്ടത്തിൽ ഉൾപ്പെട്ട 'താന്നിമൂട്' വാട്ടർഷെഡ് പദ്ധതി.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽ രണ്ടു പദ്ധതികളിലും കൂടി 23.429 ലക്ഷം രൂപയുടെ മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) പൂർത്തിയാക്കാത്തതും ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ? | (ബി) 'ളുങ്ങയിൽ' വാട്ടർഷെഡ് പദ്ധതിയും 'താന്നിമൂട്' വാട്ടർഷെഡ് പദ്ധതിയും ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നു. 'ളുങ്ങയിൽ' വാട്ടർഷെഡ് പദ്ധതി പ്രവർത്തനങ്ങൾ 2013 മാർച്ച് 31-നുള്ളിൽ പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ
നടപ്പിലാക്കിയ മണ്ണ് ജല സംരക്ഷണ പദ്ധതികൾക്കായി
ചെലവഴിച്ച തുകയുടെ ഇനംതിരിച്ച കണക്കുകൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷം) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെലവഴിച്ച തുക | | നാളിതുവരെ ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|---|---|
| | | | ഇനം | തുക (ലക്ഷം) | |
| 1. | 'തുങ്ങയിൽ' (RIDF -12) | 77.76 | കല്ല് കയ്യാല | 5.033 | 52.59 |
| | | | പുല്ല് വെച്ച് പിടിപ്പിക്കൽ | 0.00228 | |
| | | | തട്ട് തിരിക്കൽ (സ്റ്റിപ് ടെറസ്സ്) | 5.975 | |
| | | | ബിറ്റ് ട്രെഞ്ച് | 0.53 | |
| | | | റീട്ടെയിനിംഗ് വാൾ | 8.653 | |
| | | | ആകെ | 20.194 | |
| 2. | 'താന്നിമൂട്' (RIDF -17) | 65.00 | കല്ല് കയ്യാല | 3.235 | 3.235 |
| | **ആകെ** | | | **23.429 ലക്ഷം** | |

സെക്ഷൻ ഓഫീസർ